15
2024
ഒക്ടോബർ

# ഗിൽഗാൽ വോയ്സ്

യുഎഇ
4 പേജ്
വാല്യം : 3
ലക്കം : 1

Published By : Media Department, Church of God UAE
For Private Circulation Inside the Church Premises Only
Email : gilgalvoice@gmail.com

# സി.ഒ.ജി. യു.എ.ഇ. മീഡിയ ഡിപ്പാർട്ട്മെന്റ് കരകൗശല മേള സംഘടിപ്പിച്ചു

ഷാർജ: ഏറെ പുതുമകളോടെ സി.ഒ.ജി മീഡിയ വിഭാഗം ഷാർജ വർഷിപ്പ് സെന്ററിൽ കരകൗശല മേള സംഘടിപ്പിച്ചു. 19 ന് ശനിയാഴ്ച്ച രണ്ടു മണിയോടെ ആരംഭിച്ച ആർട്ട് & ക്രാഫ്റ്റ് എക്സിബിഷൻ, പൊതുസമ്മേളനത്തോടെ വൈകുന്നേരം 7:30 ന് സമാപിച്ചു. സർഗ്ഗാത്മകതയുടെ ആവിഷ്ക്കരണ വേദിയായി മാറിയ എക്സിബിഷൻ സ്റ്റാളുകളിൽ നിറഞ്ഞത് വൈവിധ്യത്തിന്റെ കരവിരുതായിരുന്നു. പ്രതിഭാധനരായ കുട്ടികളുടെ ഭാവനയ്ക്ക് ഛായകൂട്ടുകളും പാഴ്‌വസ്തുക്കളും കൂട്ടാളികളായപ്പോൾ, സന്ദർശകർക്ക് അത് വിസ്മയ ദൃശ്യവിരുന്നായി.

മേളയ്ക്ക് സമാപ്തി കുറിച്ചുകൊണ്ട് പാസ്റ്റർ ജോൺ മാത്യു പ്രാർത്ഥിച്ച് ആരംഭിച്ച പൊതുസമ്മേളനത്തിൽ സി.ഒ.ജി മീഡിയ ഡയറക്ടർ ശ്രീ. റോബിൻസ് കീച്ചേരി അദ്ധ്യക്ഷത വഹിച്ചു. ചർച്ച് ഓഫ് ഗോഡ് യു.എ. ഇ.






നാഷണൽ ഓവർസിയർ റവ. ഡോ. കെ. ഒ. മാത്യു ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. മീഡിയ സെക്രട്ടറി ശ്രീ. വിൽസൺ ജോർജ്ജ് സ്വാഗത പ്രസംഗം നടത്തി. വിശിഷ്ടാതിഥി ആയിരുന്ന എൻ ടിവി ചെയർമാൻ ശ്രീ മാത്തുകുട്ടി കഡോൺ മുഖ്യസന്ദേശം കൈമാറി. ഐ. പി.സി. ജനറൽ വൈസ് പ്രസിഡന്റ് റവ.ഡോ. വിൽസൺ ജോസഫ്, മലയാള മനോരമ യു.എ. ഇ. ചീഫ് ബ്യൂറൊ മിന്റു പി. ജേക്കബ്ബ്, എൻ ടിവി വൈസ് പ്രസിഡന്റ് ശ്രീമതി ഡയാന, ഷാർജ സി.എസ്. ഐ. ഇടവക വികാരി റവ. സുനിൽ രാജ് ഫിലിപ്പ്, ഷാർജ ക്നാനായ ഇടവക വി കാരി റവ. ലിജോ ജോസഫ് എന്നിവർ ആശംസകൾ നേർന്നു സി. ഒ.ജി മീഡിയ ജോയിന്റ് സെക്രട്ടറി ശ്രീ. സുരേഷ് പരുത്തിക്കാട്ടിൽ കൃതജ്ഞത അർപ്പിച്ചു. പ്രദർശകരായ കുട്ടികൾക്കെല്ലാം സി.ഒ.ജി. യു. എ. ഇ. മീഡിയ ഡിപ്പാർട്ട്മെന്റ് സർട്ടിഫിക്കറ്റുകൾ സമ്മാനിച്ചു.

ഏയ്ഞ്ചൽ അന്ന സിബി യുടെ *FROM DUST TO LIFE* എന്ന കവിതാ സമാഹാരം പ്രസ്തുത സമ്മേളനത്തിൽ ചർച്ച് ഓഫ് ഗോഡ് യു.എ.ഇ. നാഷണൽ ഓവർ സിയർ റവ. ഡോ. കെ. ഒ. മാത്യു, എൻ ടിവി ചെയർമാൻ ശ്രീ. മാത്തുക്കുട്ടി കഡോണിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. എൻ ടിവി യും ക്രൈസ്തവ എഴുത്തുപുരയും മേളയുടെ മാധ്യമ പങ്കാളിത്തം വഹിച്ചു.



























## അബുദാബി പൊലീസിന് കരയിലും കടലിലും യാത്ര ചെയ്യാവുന്ന ഡ്രൈവറില്ലാ കാർ

അബുദാബി: ഡ്രൈവറില്ലാ കാർ പുറത്തിറക്കി അബുദാബി പൊലീസ്.സ്വയം നിയന്ത്രിക്കുന്ന, വെടിയേൽക്കാത്ത മാഗ്നം എംകെ 1 ഇലക്ട്രിക് സ്മാർട്ട് കാർ പട്രോളിങ് നിരീക്ഷണത്തിനും തടവുകാരെ സുരക്ഷിതമായി കൊണ്ടു പോകാനുമെല്ലാം ഉപയോഗിക്കും. ഈ വാഹനത്തിൽ 3 പൊലീസുകാർക്കും ഒരു തടവുകാരനും സഞ്ചരിക്കാം. ഒരു തടവുകാരനുള്ള സെൽവാഹനത്തിൽ സജ്ജമാക്കിയിട്ടുണ്ട്. മണിക്കൂറിൽ 150 കിലോമീറ്റർ വേഗതയുള്ള വാഹനം 5.4 സെക്കൻഡിനുള്ളിൽ 100 കിലോ മീറ്റർ വേഗതയിൽ എത്തും. കരയിലും കടലിലും സഞ്ചരിക്കാവുന്ന രീതിയിലാണ് നിർമ്മിച്ചിരിക്കുന്നത്. ബാറ്ററി ചാർജ് ചെയ്തും പെട്രോൾ നിറച്ചും ഉപയോഗിക്കാവുന്ന ഹൈബ്രിഡ് വാഹനമാണിത്.

## കുട്ടികളുടെ സ്കൂൾ ബാഗിന്റെ ഭാരത്തിന് പുതിയ മാനദണ്ഡം

അബുദാബി : സ്കൂൾ ബാഗുകളുടെ ഭാരം പരിമിതപ്പെടുത്തുന്ന കർശന നിർദേശവുമായി അബുദാബി. വിദ്യാർഥികളുടെ സ്കൂൾ ബാഗിന്റെ ഭാരം കുട്ടികളുടെ ശരീരഭാരത്തിന്റെ 5 മുതൽ 10 വരെ ശതമാനത്തിൽ കൂടരുതെന്ന് അബുദാബി വിദ്യാഭ്യാസ വിജ്ഞാന വകുപ്പ് (അഡെക്) കർശന നിർദേശം നൽകി. അമേരിക്കൻ കയ്റോപ്രാക്ടിക് അസോസിയേഷന്റെ ശുപാർശ പ്രകാരം വിദ്യാർഥികളുടെ സ്കൂൾ ബാഗിന്റെ പരമാവധി ഭാരം നിജപ്പെടുത്തിക്കൊണ്ടുള്ള പുതിയ നിയമം 2026 ഫെബ്രുവരിയിൽ പ്രാബല്യത്തിൽ വരും.



Editorial Board

## പത്രാധിപസമിതി

രക്ഷാധികാരികൾ

**ഡോ. കെ. ഓ മാത്യു**

**ബ്രദർ റോബിൻ കീച്ചേരി**

**ബ്രദർ വിൽസൺ ജോർജ്ജ്**

ചീഫ് എഡിറ്റർ

**പാസ്റ്റർ സുനീഷ് ജോൺസൺ**

മാനേജിംഗ് എഡിറ്റർ

**പാസ്റ്റർ അനിൽ ആയൂർ**



## ഗിൽഗാൽ വോയ്സ്

### പരസ്യ താരീഫ്

| | | |
|---|---|---|
| ഫ്രണ്ട് ഹാഫ് പേജ് | : | 350 AED |
| ഫ്രണ്ട് ക്വാർട്ടർ പേജ് | : | 250 AED |
| ബാക്ക് ഫുൾ പേജ് | : | 350 AED |
| ബാക്ക് ഹാഫ് പേജ് | : | 250 AED |
| ബാക്ക് ക്വാർട്ടർ പേജ് | : | 150 AED |
| ഇൻ സൈഡ് ഫുൾ പേജ് | : | 300 AED |
| ഇൻ സൈഡ് ഹാഫ് പേജ് | : | 200 AED |
| ഇൻ സൈഡ് ക്വാർട്ടർ പേജ് | : | 100 AED |
| മട്രിമോണിയൽ | : | 50 AED |

(പരസ്യം വാർത്താ പ്രാധാന്യമുള്ളതാണെങ്കിൽ, പരസ്യത്തിനൊപ്പം ഫ്രീ ആയി വാർത്തയും പ്രസിദ്ധീകരിക്കും)


# EDITORIAL



**പാസ്റ്റർ സുനീഷ് ജോൺസൻ**

സാങ്കേതിക വിപ്ലവത്തിന്റെ സുവർണ്ണ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സത്വരവും സമഗ്രവുമായ വികസന സംസ്കാരം സംജാതമായത് മനുഷ്യൻ തന്റെ ദൈവദത്തമായ താലുകളെ പ്രദർശിപ്പിക്കുവാൻ അവസരം കണ്ടെത്തിയതുകൊണ്. വിദ്യാഭ്യാസത്തിലും, വ്യവസായത്തിലും, വിനോദത്തിലും, വാണിജ്യത്തിലും, വാർത്താവിനിമയ സംവിധാനങ്ങളിലും; വ്യത്യസ്തമായതും, വ്യാപകമായതുമായ വിസ്ഫോടനങ്ങൾ വരമ്പുകളില്ലാതെ തുടരുന്നത് മനുഷ്യൻ തന്റെ കഴിവുകളെ കണ്ടെത്തി പ്രയോഗിക്കുന്നതുകൊണ്ടാണ്. തോമസ് ആൽവാ എഡിസൺ, ഐസക് ന്യൂട്ടൺ, ആൽബർട്ട് ഐൻസ്റ്റീൻ എന്നീ പ്രഗൽഭരും, പ്രശസ്തരുമായ വ്യക്തികൾ ശാസ്ത്രത്തിന് നൽകിയ സംഭാവനകൾ എണ്ണമറ്റതും, ഇന്നും നിലനിൽക്കുന്നതുമാണ്. ജീവിതവൈതരണികൾ വിഘാതമായി കാണാതെ തങ്ങളിൽ സംഗ്രഹിക്കപ്പെട്ടിരുന്ന കഴിവുകളെ വ്യാപാരം ചെയ്യുവാൻ കാണിച്ച മനോധൈര്യം; അവർക്ക് മാത്രമല്ല പിന്നീട് ലോക ജനതയ്ക്ക് മുഴുവനും പ്രയോജനമായി. എന്നാൽ ആനുകാലിക ലോകത്തിൽ വാണിജ്യത്തിനും, വ്യാപാരത്തിനും, സാമ്പത്തിക ഉന്നതിക്കും മാത്രം പ്രാധാന്യം കൊടുത്ത് മനുഷ്യൻ മത്സര മനോഭാവത്തിലേക്ക് മാറിയിരിക്കുന്നു. തത്ഫലമായി അവനിൽ അടങ്ങിയിരിക്കുന്ന മറ്റ് അഭിരുചികളെ തിരിച്ചറിയാനും വളർത്തിയെടുക്കാനുമുള്ള പ്രതിഭ അവന് നഷ്ടപ്പെട്ടു. സഹജീവികളുടെ അഭിരുചികളെ കണ്ടെത്തി അതിനെ പ്രദർശിപ്പിക്കുവാൻ അവസരം കൊടുക്കാൻ പ്രാപ്തിയുള്ളവർ മനസ്സുവെക്കാത്തതും തിരക്കേറിയ ലോകത്തിൽ അനേക പ്രതിഭകൾ തിരിച്ചറിയപ്പെടാതെ പോകുന്നതിന് കാരണമാണ്. സ്വന്തം താലന്തുകളെ കണ്ടെത്തുകയും മറ്റുള്ളവരുടെ താലത്തുകളെ പരിപോഷിപ്പിക്കാൻ അവസരം ഒരുക്കുകയും ചെയ്താൽ ലോകം അല്പം കൂടി സുന്ദരവും സമാധാനമുള്ളതും ആയിത്തീരും. ലോകത്തിലെ ഏറ്റവും സുന്ദരവും, വിലയേറിയതുമായ സ്ഥലം ശവപ്പറമ്പ് ആണ് എന്ന് പറഞ്ഞ ഒരു മഹാനുണ്ടായിരുന്നു. ലോകം അറിയാത്ത അനേക കവികളും കലാകാരന്മാരും മരിച്ചു മണ്മറഞ്ഞു പോയി കിടന്നുറങ്ങുന്ന സ്ഥലമാണത് എന്നാണ് ആ വാക്കുകളുടെ അർത്ഥം. കഴിവുണ്ടായിട്ടും അവരോ, മറ്റുള്ളവരോ അതിനെ തിരിച്ചറിഞ്ഞില്ല.

യേശുക്രിസ്തുവിന്റെ ഉപമകളിലും ഈ സന്ദേശം സുവ്യക്തമാണ്. ആരെയും മറച്ചുവെക്കാനും, അവഗണിക്കാനും അനുവദിക്കാത്ത പ്രകൃതമായിരുന്നു യേശുവിന്റേത്. ചെകിടരും, ചുങ്കക്കാരും, അശുദ്ധർ എന്ന ചാപ്പ കുത്തപ്പെട്ടവരും, പാപികളായവരും, സമൂഹത്തിന്റെ മുൻപിൽ വിലയുള്ളവരായി മാറിയത് യേശുവിന്റെ ഇടപെടലിലൂടെയാണ്. താലന്ത് വ്യാപാരം ചെയ്യുന്ന ഉപമയിൽ താലന്തു വ്യാപാരം ചെയ്തവരെ 'നല്ലവനും വിശ്വസ്തനുമായ ദാസനേ' എന്നും, താലന്തു കുഴിച്ചിട്ട വ്യക്തിയെ 'ദുഷ്ടനും മടിയനുമായ ദാസനേ' എന്നുമാണ് അഭിസംബോധന ചെയ്യുന്നത് (മത്തായി. 25. 14-30) മടി താലന്തിനെ മറച്ചുവെക്കുമ്പോൾ, സ്ഥിരോത്സാഹം താലന്തുക്കളെ മറ്റുള്ളവരുടെ മുന്നിൽ പ്രദർശിപ്പിക്കുവാൻ വഴികളെ ഒരുക്കും. മടിയില്ലാതെ, മറഞ്ഞിരിക്കാതെ മാലോകർക്ക് മാതൃകയായി പുറത്തുവരാം. ലോകം തിരിച്ചറിയട്ടെ നിങ്ങളിലുള്ള നിങ്ങൾ ആരാണെന്ന്...

## 'മുഖം നോക്കി' യാത്രാനടപടികൾ പൂർത്തിയാക്കാം; ദുബായ് വിമാനത്താവളത്തിൽ പുതിയ സംവിധാനം

ദുബായ്: യാത്രക്കാർ വിമാനത്താവളത്തിലേക്കു കടക്കുമ്പോൾ തന്നെ മുഖം സ്കാൻ ചെയ്ത് (ഫേഷ്യൽ റെകഗ്നിഷൻ) നിമിഷങ്ങൾക്കകം യാത്രാ നടപടികൾ പൂർത്തിയാക്കുന്ന സ്മാർട്ട് സേവനം ദുബായ് വിമാനത്താവളത്തിൽ ഉടൻ ആരംഭിക്കും. പുതിയ സംവിധാനം നിലവിൽ വരുന്നതോടെ പ്രിന്റ് ചെയ്ത പാസ്പോർട്ടോ ബോർഡിങ് പാസോ നേരിട്ടു കാണിക്കേണ്ടിവരില്ല. വിമാനത്താവളത്തിൽ എത്തുന്നതിന് മുൻപ് ബയോമെട്രിക് ഡേറ്റ റജിസ്ട്രേഷൻ പൂർത്തിയാക്കിയാൽ, സ്മാർട്ട് ഗേറ്റിലെ നൂതന ക്യാമറ യാത്രക്കാരന്റെ മുഖം തിരിച്ചറിഞ്ഞ് പാസ്പോർട്ട്, വീസാ, ടിക്കറ്റ് തുടങ്ങിയവ കംപ്യൂട്ടറിൽ ഒത്തുനോക്കി യാത്രാനുമതി നൽകും.

ജനറൽ ഡയറക്ടറേറ്റ് ഓഫ് റസിഡൻസി ആൻഡ് ഫോറിനേഴ്സ് അഫയേഴ്സിലെ സ്മാർട്ട് സർവീസസ് ഡപ്യൂട്ടി അസിസ്റ്റന്റ് ഡയറക്ടർ ലഫ്.കേണൽ ഖാലിദ് ബിൻ മദിയ അൽഫലാസിയാണ് ജൈറ്റക്സിൽ ഈ പ്രഖ്യാപനം നടത്തിയത്.

## നിര്യാതയായി



കൂടൽ: കൂടൽ പുത്തൻവിളയിൽ കുടുംബാംഗം **അന്നമ്മ ഡാനിയേൽ** (74) നിര്യാതയായി. ചർച്ച ഓഫ് ഗോഡ് ഒന്നാംകുറ്റി സഭയുടെ മേൽനോട്ടത്തിൽ സംസ്ക്കാര ശുശ്രൂഷകൾ നടന്നു. മക്കൾ-ലാലി പി ഡാനിയേൽ, ബിജോയ് പി. ഡാനിയേൽ, ബിനോയ് പി. ഡാനിയേൽ. ബിജോയ് പി. ഡാനിയേൽ സി.ഒ.ജി. യു.എ.ഇ. മീഡിയ ഡിപ്പാർട്ട്മെന്റ് ഭാരവാഹിയാണ്.

# 'ക്രിസ്തുവിന്റെ മണവാട്ടി'



**വിജി ജോസ് ബാംഗ്ലൂർ**

ക്രിസ്തുവിന്റെ യഥാർത്ഥ മണവാട്ടി ആര് ? ഇന്നത്തെ ക്രൈസ്തവ സഭ ക്രിസ്തു ആഗ്രഹിക്കുന്ന ക്രിസ്തുവിന്റെ മണവാട്ടിയാണോ? ഈ വിഷയത്തെ കുറിച്ച് അല്പമായി ദൈവവചനാടിസ്ഥാനത്തിൽ പ്രതിപാദിക്കുവാൻ ആഗ്രഹിക്കുന്നു.

ആദ്യം തന്നെ സഭ / മണവാട്ടി എന്നാൽ എന്തെന്ന് ഒരു വാക്ക് എഴുതട്ടെ. പാപിയായ ഒരു വ്യക്തി ദൈവവചനം കേട്ട് വിശ്വസിച്ച് തന്റെ പാപവഴികൾ വിട്ട് മാനസാന്തരപ്പെട്ട്, യേശുവിനെ സ്വന്തം രക്ഷിതാവും നാഥനും കർത്താവുമായി സ്വീകരിച്ച്, യേശുക്രിസ്തുവിന്റെ കല്പനയായ ജലസ്നാനം സ്വീകരിച്ച്, പരിശുദ്ധാത്മാവിനാൽ നയിക്കുപ്പെടുന്ന വിശുദ്ധന്മാരുടെ കൂട്ടായ്മയായ സഭയിൽ അംഗമായിത്തീരുന്നു. ഈ സഭയെയാണ് ക്രിസ്തുവിന്റെ മണവാട്ടി എന്ന് ആലങ്കാരികമായി പറയുന്നത്.

***ക്രിസ്തുവിന്റെ മണവാട്ടിക്ക് വേണ്ട യോഗ്യതകൾ താഴെ പറയുന്നു:***

1. കാന്ത നിർമ്മല കന്യകയായിരിക്കണം. 2 കൊരിന്ത്യർ 11:2
2. കാന്ത ഏകാഗ്രത / ശ്രദ്ധയുള്ളവൾ ആയിരിക്കണം. 2 കൊരിന്ത്യർ 11:3
3. കാന്ത നിർമ്മതയുള്ളവൾ / നിഷ്കളങ്കയായിരിക്കണം. 2 കൊരിന്ത്യർ 11:3, ഉത്തമഗീതം 6:9, ഉല്പത്തി 17:1
4. കാന്ത തന്നത്താൽ ഒരുങ്ങിയിരിക്കുന്നവൾ ആയിരിക്കണം. വെളിപ്പാടു 19:7
5. കാന്ത വിശുദ്ധിയുള്ളവൾ ആയിരിക്കണം. 1 പത്രോസ് 1:15,16, എഫേസ്യർ 5:26-32
6. കാന്ത ലോകത്തിലുള്ള കളങ്കം പറ്റാത്തവൾ ആയിരിക്കണം / കളങ്കമില്ലാത്തവൾ ആയിരിക്കണം. യാക്കോബ് 1:27 വെളിപ്പാടു 14:5
7. കാന്ത അനുസരണം ഉള്ളവൾ ആയിരിക്കണം. 1 പത്രോസ് 1:15
8. മാനസാന്തരം ഉള്ളവൾ ആയിരിക്കണം, മാനസാന്തരത്തിന്റെ ഫലം ഉള്ളവൾ ആയിരിക്കണം. മത്തായി 3:8, അപ്പൊ.പ്രവൃത്തികൾ 2:37,38, ഗലാത്യർ 5:22
9. പരിശുദ്ധാത്മാവ് നയിക്കുന്നവൾ / ആത്മാവിന് കീഴ്പ്പെടുന്നവൾ ആയിരിക്കണം റോമർ 8:14, യോഹന്നാൻ 16:13
10. നീതീകരിക്കപ്പെട്ട വ്യക്തിയായിരിക്കണം. റോമർ 5:1
11. ബുദ്ധിയുള്ളവൾ ആയിരിക്കണം. മത്തായി 25:1-4
12. കാത്തിരിക്കുന്നവൾ ആയിരിക്കണം / പ്രത്യാശ ഉള്ളവൾ ആയിരിക്കണം. മത്തായി 25: 10
13. ജ്ഞാനമുള്ളവൾ ആയിരിക്കണം. സദൃശവാക്യങ്ങൾ 8:11, 9:10, സങ്കീർത്തനങ്ങൾ 111: 10
14. ശോഭയുള്ളവൾ ആയിരിക്കണം. സങ്കീർത്തനങ്ങൾ 45:13-14
15. സ്നേഹവും വിശ്വാസവും ഉള്ളവൾ ആയിരിക്കണം 1 കൊരിന്ത്യർ 13:1-13, ലൂക്കോസ് 18:8

സകല വിശ്വാസികളും പറയുന്നത് കർത്താവു വരുമ്പോൾ സഭ എടുക്കപ്പെടും എന്നാണ്. എന്നാൽ അങ്ങനെ ആയിരിക്കണം എന്നില്ല. ഏലിയാവിന്റെ കാലത്ത് ബാലിന് മുട്ടുമടക്കാത്ത 7,000 പേരെ ദൈവം ശേഷിപ്പിച്ചു എന്ന് 1 രാജാക്കന്മാർ 19:18-ൽ കാണുന്നു. അതുപോലെ ഈ കാലഘട്ടത്തിലും, കൃപായാലു ള്ള തിരഞ്ഞെടുപ്പിൻ പ്രകാരം ഒരു ശേഷിപ്പ് ഉണ്ട്. (റോമർ 11:5-6) 'കൃപയാൽ എങ്കിൽ പ്രവൃത്തിയാൽ അല്ല. അല്ലെങ്കിൽ കൃപ കൃപയല്ല.'

നമുക്കും കർത്താവായ യേശുക്രിസ്തുവിന്റെ മണവാട്ടിയായി തീരാം. അതിനായി ഒരുങ്ങാം. ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കട്ടെ. ആമേൻ

## Looking For Bride

Name : SUMIN SAJI
Gender : Male
Date of Birth : 24/9/94
Height : 164
Weight : 64
Religion : Christian-Pentecost (IPC)
Home Town : Kottarakkara, Kollam District
Education : B.E (Mechanical)
Designation : Project Engineer in Dubai
Father's Name : Sajimon George
Mother's Name : Kochumol Saji
Sibling : Younger Brother
Contact No : 9747807502

## Looking For Bride

Name : SURAJ JOSE
DOB : 05-04-1994
Company : KPMG
Designation : Assistant Manager
Education : M.com
Current Location : Kochi
Permanent Location : Ranni, Pathanamthitta
Height : 168 CM

## Looking For Bride

Name : ABY BABU
Age : 28
DOB : 14-07-1995
Hight : 163
Weight : 69
Father's Name : Babu (late)
Mother's Name : Suja
Education : B.com
M. Div, M.Th
Occupation : Worship Leader, Pastor, Musician, Bible College Teacher
Relegion : Christian -Pentecost
Permanent Location : Adoor
Current Location : Sharjah
Mob : 0566256345 (UAE)
9633836221 (India)


# മതിലുകൾ പൊളിച്ച് വാതിലുകൾ നിർമ്മിക്കുന്ന പുതിയ പെന്തക്കോസ്ത്



ഡെനിഷ് സെബാസ്റ്റ്യൻ


അഭിനന്ദിക്കപ്പെടേണ്ടതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമായ ഒരു പ്രോഗ്രാം ഷാർജ വർഷിപ്പ് സെന്ററിൽ വെച്ച് കഴിഞ്ഞ ശനിയാഴ്ച (19/10/2024) നടന്നു. കുട്ടികൾക്കു വേണ്ടിയുള്ള ഒരു ചിത്രകലാ കരകൗശല എക്സിബിഷൻ എന്നത് അസാധാരണമായ ഒരു കാര്യമല്ല. എന്നാൽ പെന്തക്കോസ്ത് -ക്രിസ്തീയ ആരാധനാ കേന്ദ്രത്തിൽ വെച്ചു നടക്കുന്ന, പെന്തക്കോസ്തു പാസ്റ്റർമാർ പ്രാർത്ഥിച്ചു തുടങ്ങുകയും ആശീർവാദം പറഞ്ഞ് അവസാനിപ്പിക്കുകയും ചെയ്യുന്ന, മുസ്ലീമെന്നോ ഹിന്ദുവെന്നോ ഇതര സഭാ വിഭാഗക്കാരെന്നോ വ്യത്യാസമില്ലാതെ കുഞ്ഞുങ്ങൾ മാതാപിതാക്കളോടൊത്ത് സജീവമായി പങ്കെടുക്കുന്ന, ഒരു കലാ പ്രദർശന എകിബിഷൻ എന്നത് ഞാൻ ഇതുവരെയും കണ്ടിട്ടില്ല. എന്റെ അറിവ് പരിമിതമായിരിക്കാം എന്നാൽ യു.എ.ഇ. യിൽ ഏറ്റവുമധികം ആളുകൾ കാണുന്ന, ഈ മേഖലയിലെ മലയാളി സാംസ്കാരിക വേദിയെ അടുത്തറിയാവുന്ന, ഒരു മലയാളം ചാനലിന്റെ ഉടമയായ ശ്രീ മാത്തുക്കുട്ടി കടോൺ പറഞ്ഞത് യു.എ.ഇ. യുടെ മണ്ണിൽ ഒരു ആത്മീയ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന ഇത്തരത്തിലുള്ള ആദ്യത്തെ പ്രോഗ്രാമാണിതെന്നാണ്. ഇങ്ങനെയൊരു പ്രോഗ്രാം സംഘടിപ്പിച്ച ചർച്ച് ഓഫ് ഗോഡ് മീഡിയാ ടീമിന് അഭിനന്ദനങ്ങൾ! ഇങ്ങനെയൊരു പ്രോഗ്രാമിന് അനുമതിയും നേതൃത്വവും നൽകിയ ചർച്ച് ഓഫ് ഗോഡ് യു.എ.ഇ. ദേശീയ അദ്ധ്യക്ഷൻ ഡോ. കെ.ഓ. മാത്യു പ്രത്യേക പ്രശംസയർഹിക്കുന്നു. സാധാരണ പെന്തക്കോസ്തു ശുശ്രൂഷകന്മാരിൽ ദൃശ്യമാകാത്ത ഒരു വിശാല കാഴ്ചപ്പാടാണത്.

ഇങ്ങനെ ഒരു ആർട്ട് ആൻഡ് ക്രാഫ്റ്റ് എക്സിബിഷൻ നടക്കുന്നുണ്ട് എന്ന് അറിഞ്ഞപ്പോൾ തന്നെ പൊതു സമൂഹത്തെ സ്വാഗതം ചെയ്യുന്ന രീതിയിലാണ് ഇതിന്റെ സംഘാടനമെന്ന് മനസിലാക്കിയിരുന്നു. എങ്കിലും പുറത്തു നിന്ന് ഇത്രമാത്രം പേരുടെ പങ്കാളിത്തം ഉണ്ടാകുമെന്നു ഞാൻ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ആ കാര്യത്തിൽ സംഘാടകർ നടത്തിയ വിജയകരമായിത്തീർന്ന പരിശ്രമം പ്രത്യേക അനുമോദനം അർഹിക്കുന്നു. വേർപാടിന്റെ പേരിൽ ഒറ്റപ്പെട്ടു നിൽക്കുന്ന ഒരു ആത്മീയ വിഭാഗമെന്നതിൽ നിന്നും കേവലം ഉപദേശിക്കലിന്റെ അപ്പുറത്ത് സമൂഹവുമായി ധനാത്മകമായ ഒരു ബന്ധം സ്ഥാപിക്കുന്ന മുന്നേറ്റമായി നാം മാറേണ്ടത് വളരെ അത്യാവശ്യമാണ്. അതു ജീവകാരുണ്യ പ്രവർത്തനങ്ങളിലും മദ്യവിരുദ്ധ പ്രബോധനങ്ങളിലും മാത്രമായി ഒതുക്കാതെ ഇത്തരത്തിലുള്ള വിശാലത കൈവരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും കലഹത്തിന്റെയും വാർത്തകൾ നമ്മുടെ കണ്ണുകളെയും കർണ്ണപുടങ്ങളെയും മലീമസമാക്കിയിരിക്കുന്ന ഈ കാലത്ത് ആ എക്സിബിഷനിൽ കണ്ടത് ചെറുതെങ്കിലും മനോഹരമായ ഒരു കാഴ്ചയായിരുന്നു. അവിടെ പ്രസംഗിച്ച ലിജോ അച്ചൻ പറഞ്ഞതുപോലെ ദൈവമാണ് ഏറ്റവും വലിയ ആർട്ടിസ്റ്റ്. ദൈവമാണ് ഏറ്റവും വലിയ ആർട്ടിസ്റ്റ് എങ്കിൽ ദൈവത്തിന്റെ ആളുകൾ എന്ന് അവകാശപ്പെടുന്നവർ ഇതിൽ നിന്നൊന്നും മാറിനിൽക്കേണ്ട കാര്യമില്ല. എന്നാൽ ഒരു പെന്തക്കോസ്തു സഭാ പ്രസ്ഥാനം സംഘടിപ്പിച്ച പ്രോഗ്രാമായിട്ടുപോലും പെന്തക്കോസ്തു വിശ്വാസികൾ അധികമായി അവിടെ സന്ദർശകരായി എത്തിയില്ല എന്നത് അല്പം വിമർശനാത്മകമായ ഒരു കാര്യമാണ്. ഇങ്ങനെ ഒരു പ്രോഗ്രാം നടക്കുന്നുവെന്ന് ചില പരസ്യങ്ങളൊക്കെ നൽകിയെങ്കിലും ഇത്തരമൊരു കാര്യം നടന്നുവെന്ന വാർത്ത വിശദാംശങ്ങളോടെ, അത് അർഹിക്കുന്ന പ്രാധാന്യതയോടെ, പെന്തക്കോസ്തു മീഡിയ റിപ്പോർട്ട് ചെയ്തുവോയെന്ന് ഞാൻ നോക്കിയിട്ടു കണ്ടില്ല. ഇടുങ്ങിയ കാഴ്ചപ്പാടുകളിൽ നിന്നു മാറി കൂടുതൽ വലിയ പങ്കാളിത്തം എല്ലാവരുടെയും ഭാഗത്തു നിന്ന് ഭാവിയിൽ ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം. അതിലേക്കായി ഇത് ഒരു പുതിയ തുടക്കമാകട്ടെ എന്ന് ആശംസിക്കുന്നു.



# FROM DUST TO LIFE പ്രകാശനം ചെയ്തു

ഷാർജ: സി.ഒ.ജി. യു.എ.ഇ. മീഡിയ ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച കരകൗശല മേളയുടെ സമാപ്തി സമ്മേളനത്തിൽ ഏയ്ഞ്ചൽ അന്ന സിബിയുടെ FROM DUST TO LIFE എന്ന കവിതാസമാഹാരം പ്രകാശനം ചെയ്തു. മണ്ണിൽ നിന്നും ജീവന്റെ തുടിപ്പായി മാറിയ മനുഷ്യന്റെ നൈമിഷിക കാലചക്രത്തെ കവിതഭംഗിയിൽ കോർത്തിണക്കിയ മുപ്പത് കവിതകളുടെ സമാഹാരമാണ് FROM DUST TO LIFE. പ്രവാസ കുടുംബമായ സിബി ഉമ്മൻ മാത്യുവിന്റെയും ഫേബാ സിബിയുടെയും മകളായ ഏയ്ഞ്ചൽ അന്ന സിബി അജ്മാൻ അൽ അമീർ ഇംഗ്ലീഷ് സ്കൂൾ പതിനൊന്നാം തരം വിദ്യാർത്ഥിനിയാണ്.




# യു.എ.ഇ യിലുടനീളം ചീറിപ്പായാൻ പാസഞ്ചർ ട്രെയിൻ



അബുദാബി: സപ്ത എമിറേറ്റുകളിലും പാസഞ്ചർ ട്രെയിനിന്റെ വരവറിയിച്ചുകൊണ്ട് ഇത്തിഹാദ് റെയിൽ യാത്രാ സമയം പ്രഖ്യാപിച്ചു. അബുദാബിയിൽ നിന്ന് ദുബായിലേക്ക് 57 മിനിറ്റുകൾക്കുള്ളിൽ എത്താവുന്ന ട്രെയിനിന്റെ വേഗത മണിക്കൂറിൽ 200 കിലോ മീറ്ററാണ്. അബുദാബി-റുവൈസ് യാത്രയ്ക്ക് 70 മിനിറ്റും അബുദാബി - ഫുജൈറ യാത്രയ്ക്ക് 105 മിനിറ്റും മതിയാകും. യാത്ര എന്നു തുടങ്ങുമെന്ന തീയതി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും, സമയ പ്രഖ്യാപനം പാസഞ്ചർ സേവനം ഉടൻ ഉണ്ടാകുമെന്ന സൂചനയാണ് നൽകുന്നത്.

# ആരാധന



പാസ്റ്റർ മധു വി. കൊട്ടാരക്കര

ആത്മാവിലുണരുന്നോരാരാധന..
ഹൃദയം തുളുമ്പുന്നോരാരാധന..
സത്യം നിറഞ്ഞുള്ളോ രാരാധന..
ശക്തിയാൽ നിറയുന്നോരാരാധന..

പൂർണ്ണമാം ആത്മാവിൽ പൂർണ്ണ മനസോടെ
ഹൃദയത്തിൽ പൂർണ്ണമായി സ്നേഹിച്ചിടാൻ
ദേഹവും ദേഹിയും ആത്മാവുമൊന്നിച്ച്.
തമ്പുരാനർപ്പിക്കും ആരാധന..

ഈ ലോക തിൻമകൾക്കനുരൂപനാകാതെ
ദൈവത്തിനിഷ്ടം തിരിച്ചറിഞ്ഞീടുവാൻ
മനസ്സിനെ പുതുതാക്കി എൻ ശരീരത്തെ
യാഗമായി അർപ്പിക്കും ആരാധന..

മനസ്സിന്റെ ഭാരങ്ങളേറിവന്നപ്പോൾ
മരണം കൊതിച്ചു ഞാനോടിയപ്പോൾ
മനുവേലനായവൻ മാടിവിളിച്ചെന്നെ
മാറോടണച്ചതിനാരാധന..

കൂടെ നിൽക്കാമെന്ന് ചൊല്ലിയോരൊക്കെയും
കുറ്റം വിധിച്ചു പിരിഞ്ഞപ്പോഴും
അവസാന നാളോളം ഞാൻ കൂടെയുണ്ടെന്ന്
അരുളിയ തമ്പുരാനാരാധന..



ധ്യാനചിന്തകൾ

# ഭയത്തെ അതിജീവിക്കുക



പാസ്റ്റർ സാം അടൂർ

'ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെ യത്രേ ദൈവം നമുക്കു തന്നതു'. 2 തിമൊഥെയൊസ് : 1:7

മനുഷ്യന്റെ ഏറ്റവും വലിയ പ്രശ്നം ശത്രുഭയമാണ്. പല പരാജയങ്ങളുടെയും രോഗങ്ങൾ, തകർന്ന ബന്ധങ്ങളുടെയും കാരണം ഭയമാണ്. ഭയം നമ്മളു ടെ മനസ്സിലെ ഒരു ചിന്തയാണ്, നമ്മുടെ സ്വന്തം ചിന്തകളെ നാം ഭയപ്പെടുന്നു. നമ്മൾ ഭയപ്പെട്ട പല കാര്യങ്ങളും നിലവിലില്ല. അതുകൊണ്ടു നമ്മളുടെ മിക്ക ഭയങ്ങളും യാഥാർത്ഥ്യമല്ല.

ബൈബിളിലെ പഴയനിയമത്തിലെ രണ്ടു രാജാക്കന്മാരാണ് ശൗലും ദാവീദും. ഭയം ഒരു വ്യക്തിയെയും തനിക്കു ചുറ്റുമുള്ളവരെയും പരാജയത്തിലേക്ക് കൂപ്പുകുത്തിക്കുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് ശൗൽ. ശൗൽ രാജാവാകുന്ന സമയം (1 ശാമുവേൽ 10:22) മുതൽ ഗിൽബോവപർവ്വതത്തിൽ മരിക്കുന്നതുവരെ ഭയത്തിലാണ് ജീവിച്ചത്. ഭയം ശൗലിനെ അസൂയ, നിഗളം, അനുസരണക്കേട് തുടങ്ങിയ തെറ്റിലേക്ക് തള്ളി നീക്കിക്കൊണ്ടിരുന്നു. അതേസമയം ദാവീദ് തന്റെ ജീവിതത്തിൽ ഭയപ്പെടേണ്ട ഓരോ സാഹചര്യങ്ങളെയും മനപ്പൂർവ്വം ധൈര്യം സംഭരിച്ചു ദൈവാശ്രയമുള്ളവനായി മുന്നേറികൊണ്ടിരുന്നു.

നമ്മുടെ എല്ലാ ഭയങ്ങളിൽ നിന്നും എങ്ങനെ അതിജീവിക്കാൻ കഴിയും? സങ്കീർത്തനങ്ങൾ 34: 4 -ൽ ദാവീദ് ഇങ്ങനെ പറയുന്നു - ഞാൻ യഹോവയോടു അപേക്ഷിച്ചു; അവൻ എനിക്കു ഉത്തരമരുളി എന്റെ സകല ഭയങ്ങളിൽനിന്നും എന്നെ വിടുവിച്ചു.

ഭയത്തിന്റെ തടവറയിൽ ജീവിച്ച ശൗൽ രാജാവായിരുന്നപ്പോൾ തന്റെ പ്രജകളുടെ ജീവിതം ദുരിതപൂർണമായിരുന്നു. അവർ ഞെരുക്കമുള്ളവർ, കടമുള്ളവർ, സന്തുഷ്ടിയില്ലാത്തവർ ആയിരുന്നു. എന്നാൽ ദാവീദ് രാജാവായപ്പോൾ ഇവർ വീരന്മാരും വില്ലാളികളും - ദൈവത്തിന്റെ സൈന്യം പോലെ മാറ്റപ്പെട്ടു.

ഭയം പിശാചിന്റെ ആയുധമാണ് - അത് നമ്മെ തളർത്തിക്കളയും. ഉത്കണ്ഠയുടെ കാർമേഘം (cloud of anxiety) വരുമ്പോൾ ഭയത്തിന്റെ മേലുള്ള വിശ്വാസം (faith over fear) നമ്മിൽ സംഭവിക്കട്ടെ. നമ്മുടെ ഉള്ളറകളിലെ ഭയത്തിന്റെ കണികളെ നീക്കി ക്കളഞ്ഞു - ഉപബോധമനസിൽ വിശ്വാസത്തിന്റെ വചനങ്ങൾ നിറച്ചു കൊണ്ട് ദാവീദിനെപ്പോലെ നമുക്ക് ഉറക്കെ പറയാം; 'യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം; ഞാൻ ആരെ പേടിക്കും?' (സങ്കീർത്തനങ്ങൾ 27:1)











## കൂടുതൽ നൂതന സേവനങ്ങളുമായി ജിഡിആർഎഫ്

ദുബായ്: സേവനങ്ങളിൽ നിർമിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) സാങ്കേതിക വിദ്യയും ബിഗ് ഡാറ്റാ അനലിറ്റിക്സ് സാങ്കേതികതയും സജീവമാക്കിക്കൊണ്ട് ദുബായ് ജനറൽ ഡയറക്ടറേറ്റ് ഓഫ് റസിഡൻസി ആൻഡ് ഫോറിനേഴ്സ് അഫയേഴ്സ് (ജിഡിആർഎഫ്എ). സമഗ്ര ഡിജിറ്റൽ പരിവർത്തനം പ്രോത്സാഹിപ്പിക്കുക, നൂതന സേവനങ്ങൾ ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യം. ദുബായ് വേൾഡ് ട്രേഡ് സെന്ററിൽ നടക്കുന്ന ജൈറ്റക്സ് ഗ്ലോബലിലാണ് ഇതു സംബന്ധിച്ചുള്ള പ്രഖ്യാപനം ഉണ്ടായത്.